(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച് 14-7-2003-ലെ 52382/ഇ3/03/റവന്യൂ എന്ന നമ്പരായുള്ള പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വിഷയം ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) കേരളത്തിലെ മദ്ധ്യ വടക്കൻ ജില്ലകളിൽ എക്സ്പ്രസ് ഹൈവേ, ഭാരത് ഗ്യാസ് പൈപ്പ് ലൈൻ എന്നിവയ്ക്കുവേണ്ടി പ്രൈവറ്റ് ഏജൻസികൾ സർവെ ചെയ്തുവരുന്നതായും റവന്യൂ വകുപ്പിന് യാതൊരു ബന്ധവും ഇല്ല എന്നും ഉള്ള വകുപ്പുതല ഉദ്യോഗസ്ഥരുടെ റിപ്പോർട്ടനുസരിച്ച് റവന്യൂ വകുപ്പിൽ കൈകാര്യം ചെയ്തിരുന്ന 52382/ഇ3/03/റവന്യൂ നമ്പർ ഫയൽ പൊതുമരാമത്തു വകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചുകൊടുത്തിരിക്കയാണ്.

കുമ്മാളി കൈവശ കർഷക ആക്ഷൻ കമ്മിറ്റിയുടെ നിവേദനം

5 [1415] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലുള്ള കുമ്മാളിയിലെ ത്രേസ്യാമ്മ വർഗീസ് എന്ന ആളിൽ നിന്നും ഭൂമി വാങ്ങിയ കർഷകരെ കുടിയൊഴിപ്പിക്കുന്നത് സംബന്ധിച്ച് കുമ്മാളി കൈവശ കർഷക ആക്ഷൻ കമ്മിറ്റിയുടെ നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരം അറിയിക്കാമോ?

ഉത്തരം

(എ) ശ്രീമതി വർഗ്ഗീസിന്റെ പക്കൽ നിന്നും ഏറ്റെടുക്കാൻ ഉത്തരവായ മിച്ച ഭൂമിയിലെ കയ്യേറ്റക്കാരുടെ പ്രശ്നം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമിയിലെ കൈവശക്കാർക്ക് അവരുടെ കയ്യേറ്റ ഭൂമിയിലെ അവകാശം സാധൂകരിച്ച് നൽകുന്ന കാര്യത്തിൽ കണ്ണൂർ ജില്ലാ കളക്ടറുമായി ആലോചിച്ച് മേൽ നടപടികൾ സ്വീകരിക്കുവാൻ ലാന്റ് ബോർഡ് സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മിച്ചഭൂമി സംബന്ധിച്ച സീലിംഗ് കേസിൽ താലൂക്ക് ലാന്റ് ബോർഡിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇതിന്മേൽ തളിപ്പറമ്പ താലൂക്ക് ലാന്റ് ബോർഡിന്റെ അഭിപ്രായംകൂടി ആരായേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly